LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടി ജീവനക്കാരുടെ അവധി

58 [1197] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടി ജീവനക്കാർക്ക് 5 വർഷത്തേക്ക് ഓണറേറിയം ഇല്ലാത്ത അവധി അനുവദിക്കേണ്ടതില്ല എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രസിഡണ്ടുമാരായി തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടി ജീവനക്കാരെ തിരികെ ജോലിക്ക് ഹാജരാകണമെന്ന് നിർബന്ധിക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള തെരഞ്ഞെടുപ്പു ചട്ടങ്ങൾ പ്രകാരം അയോഗ്യത കല്പിച്ചിട്ടില്ലാത്ത അംഗൻവാടി ജീവനക്കാർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടാൽ, ജനപ്രതിനിധികളായി പ്രവർത്തിക്കുന്നതിന് തടസ്സം നിൽക്കുന്ന പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അംഗൻവാടി പ്രവർത്തകർ അവരുടെ പ്രവർത്തന മേഖലയിൽവരുന്ന കുട്ടികളുടേയും സ്ത്രീകളുടേയും സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാകയാൽ വ്യത്യസ്തമായ ഒരു മേഖലയിൽ അവർ പ്രവർത്തിക്കുന്നത് അവരുടെ പ്രവർത്തന മേഖലയെ ബാധിക്കുമെന്നതിനാലാണ് അപ്രകാരം ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടത്. മേൽനിർദ്ദേശം ഗവൺമെന്റ് പുനഃപരിശോധനയ്ക്ക് വിധേയമാക്കി. പഞ്ചായത്ത് പ്രസിഡന്റ് ആകുന്ന അംഗൻവാടി ജീവനക്കാർക്ക് പ്രസിഡന്റായി തുടരുന്ന കാലഘട്ടത്തേക്ക് ഓണറേറിയം ഇല്ലാത്ത അവധി അനുവദിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ അംഗൻവാടികൾ

59 [1198] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഓരോ വികസന ബ്ലോക്കിലും എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും അവ ഏതെല്ലാമാണെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതുതായി എവിടെ, എത്ര അംഗൻവാടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അംഗൻവാടികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?